"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭ – ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരെ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1301/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 01/07/2020

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.10.2014തീയതിയിലെ സി.ടി.പി. (വിജി) 823/14 നമ്പർ കത്ത്.

2 പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശന് നൽകിയ 27.05.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/184/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച 21.08.2015 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 18.04.2016, 14.08.2018 തീയതികളിലെ വി2-14392/15 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പയ്യന്നൂർ നഗരസഭയിൽ നടത്തിയ അന്വേഷണത്തിൽ, 05.02.2013-ന് ശ്രീ.എം.സി. അബ്ദുൾ അസീസ് എന്നവർക്ക് ബി.എ.494/11 നമ്പർ പ്രകാരം ചട്ടം ലംഘിച്ച ഒക്യുപ്പൻസി അനുവദിച്ചതായി കണ്ടെത്തുകയും ആയതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.പി.ദിനേശന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി.

2. ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ, പ്രസ്തുത ഒക്യുപ്പെൻസി അനുവദിച്ചത് സാങ്കേതിക വിഭാഗം ജീവനക്കാരായ ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണെന്നും കെട്ടിട നിർമ്മാണത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കിയെന്ന് കാണിച്ച് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതായും, ടി കെട്ടിട നിർമ്മാണം കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെന്ന്, സാങ്കേതിക വിഭാഗം ജീവനക്കാർ റിപ്പോർട്ട് ചെയ്തതായും, അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച കൊണ്ടായിരുന്നുവെന്നും, അതേ സമയം കെട്ടിട നിർമ്മാണ പെർമിറ്റിനൊപ്പം അനുവദിച്ചിട്ടുള്ള പ്ലാനിൽ രേഖപ്പെടുത്തിയ പ്രകാരം പൊളിച്ച് നീക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയ കെട്ടിട ഭാഗങ്ങൾ പൊളിച്ച് നീക്കം ചെയ്തിട്ടില്ലെന്ന വിവരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല എന്നും, കെട്ടിട നിർമ്മാണം നിയമാനുസൃതമാണെന്ന് സാങ്കേതിക വിഭാഗം ജീവനക്കാർ റിപ്പോർട്ട് ചെയ്തതിനാലുമാണ് ടി കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തരവ് നൽകിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് മൂലം ടിയാന്റെ ഭാഗത്തു നിന്നും മന:പൂർവ്വമല്ലാത്ത വല്ല തെറ്റും സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

3.പയ്യന്നൂർ നഗരസഭയിലെ ബി.എ.494/11 നമ്പർ ഫയൽ പരിശോധിച്ചതിൽ സെക്രട്ടറിയുടെ വാദം ശരിയാണെന്നും സാങ്കേതിക വിഭാഗം ജീവനക്കാർ സ്ഥലം പരിശോധിച്ച് ഭാഗിക ഒക്യുപ്പൻസി അനുവദിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത നിർമ്മാണം കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂളിന് വിധേയമാണ് എന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി കെട്ടിടത്തിന് ഭാഗിക ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ശ്രീ.കെ.പി. ദിനേശന്റെ പ്രതിവാദ പത്രികയിലെ വിശദീകരണം കണക്കിലെടുത്ത് തുടർ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും കെട്ടിട നിർമ്മാണ പെർമിറ്റിനൊപ്പം അനുവദിച്ചിട്ടുള്ള പ്ലാനിൽ രേഖപ്പെടുത്തിയ പ്രകാരം പൊളിച്ചു നീക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയ കെട്ടിട ഭാഗങ്ങൾ പൊളിച്ച് നീക്കം ചെയ്തിട്ടില്ലെന്ന വിവരം സ്ഥലപരിശോധന നടത്തിയ സാങ്കേതിക വിഭാഗം ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്താണ് ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണം കേരളാ മുനിസിപ്പൽ ബിൽഡിംഗ് റൂളിന് വിധേയമാണ് എന്നുള്ള സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടി കെട്ടിടത്തിന് ഭാഗിക ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത് എന്നുള്ള ശ്രീ. കെ.പി. ദിനേശന്റെ പ്രതിവാദ പത്രികയിലെ വിശദീകരണം കണക്കിലെടുത്ത് ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തിരുന്നു..

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. പി. ദിനേശൻ 31.12.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും, ടിയാന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ശ്രീ.കെ.പി.ദിനേശന്റെ പ്രതിവാദ പത്രികയിലെ വിശദീകരണവും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും കണക്കിലെടുത്ത് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

**പകർപ്പ്** :-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം

ശ്രീ.കെ.പി.ദിനേശൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ